## FAMILY PLANNING ASSOCIATION OF INDIA, TRIVANDRUM

# പാർപ്പിടങ്ങളുടെ പ്രശ്നം

ഡോ. കെ. ഭാസ്കരൻ നായർ

ഭൂമിയിലെ വൻനഗരങ്ങളെല്ലാം ശപിക്കപ്പെട്ടു കഴിഞ്ഞു എന്നും, ആരു വിചാരിച്ചാലും അവയെ രക്ഷിക്കുവാൻ സാധിക്കുകയില്ലെന്നും എത്രയോ നിരീക്ഷകന്മാർ അടുത്ത കാലത്തു് വിധിയെഴുതിയിട്ടുണ്ടു്. 1976 ജൂൺമാസം ആദ്യം ഐക്യരാഷ്ട്ര സംഘടനയുടെ ആഭിമുഖ്യത്തിൽ, കാനഡയിലെ വാൻകൂവർ നഗരത്തിൽ, ലോകത്തിലെ ജനവാസകേന്ദ്രങ്ങളെപ്പററി നടന്ന സർവരാജ്യസമ്മേളനത്തിൽ ഈ പ്രശ്നം ദീർഘമായ ചർച്ചകൾക്കു വിഷയമായി. നഗരപരിഷ്ക്കാരത്തെ നേരിട്ടിരിക്കുന്ന ആപത്തുകളെക്കുറിച്ചുള്ള പരിദേവനങ്ങളാണു് അവിടെ മുഴങ്ങിക്കേട്ടതു്. അററകുററങ്ങൾ മാററുന്നതിനോ, എടുപ്പുകൾ പുതുക്കിപ്പണിയുന്നതിനോ നഗരസഭകൾക്കു് നിവൃത്തിയില്ലാതായിരിക്കുന്നു എന്ന പ്രയാസം പോകട്ടെ; ശുദ്ധജലം, ശുദ്ധവായു, സഞ്ചാരസൗകര്യം, സ്വൈരജീവിതം എന്നിവപോലും ജനങ്ങൾക്കു് നൽകുവാൻ സാദ്ധ്യമല്ല എന്ന പ്രതിസന്ധിയാണു് ഉണ്ടായിരിക്കുന്നതു്. ആരോഗ്യത്തിനും രക്ഷയില്ല, ജീവിതത്തിനും രക്ഷയില്ല എന്നു വന്നിരിക്കുന്നു.

ഇന്ത്യയിലും ഈ ആപത്തിനെക്കുറിച്ചുള്ള ഭീതിയുണ്ടു്. 1976 ഏപ്രിൽ 9–ാംതീയതി ബോംബെയിൽ നടന്ന ഒരു സമ്മേളനത്തിലെ ദീർഘമായ ചർച്ചകളുടെ അവസാനത്തിൽ ആ മഹാനഗരം പത്തുവർഷംകൂടി കഴിഞ്ഞാൽ മനുഷ്യർക്കു് അധിവാസയോഗ്യമല്ലാതാകും എന്ന നിഗമനത്തിലാണു് അവ

Digitized by Kerala Sahitya Akademi

യിൽ പങ്കുകൊണ്ട വിദഗ്ദ്ധന്മാർ ചെന്നെത്തിയത്. നഗരസഭയുടെ അധികാരികൾക്ക പുറമെ, മഹാരാഷ്ട്ര സംസ്ഥാനത്തെ മുഖ്യമന്ത്രിയും ആ സമ്മേളനത്തിൽ സന്നിഹിതനായിരുന്നു. ദരിദ്രവിഭാഗങ്ങൾ നിവസിക്കുന്ന ചേരികൾക്കും ചാളകൾക്കും തീവച്ച്, അവയുടെ സ്ഥാനത്ത് പല നിലകളിലുള്ള പട്ടക്കുററൻ പാർപ്പിടങ്ങൾ പുതിയതായി നിർമ്മിച്ചുകൊടുക്കുന്ന പരിപാടി ലോകത്തിലെ പല നഗരങ്ങളും ഉപേക്ഷിച്ചു കഴിഞ്ഞു എന്നാണ് പറയുന്നത്. ആർക്കിടെക്ടുകളും എഞ്ചിനീയർമാരും വരയ്ക്കുന്ന പ്ലാൻ അനുസരിച്ച് ഇത്തരം ഏടപ്പുകൾ ആവശ്യമുള്ള തോതിൽ പണിയുവാൻ പണമില്ല. അതുകൊണ്ട് ചേരിവാസികളെ ഉദ്ധരിക്കുന്ന പ്രശ്നം അവരുടെ തന്നെ കഴിവും മനോധർമ്മവും അനുസരിച്ച് പരിഹരിച്ചു കൊള്ളുവാൻ വിട്ടിരിക്കുകയാണ്. ഇത്, ആദ്യം കേൾക്കുമ്പോൾ തോന്നുന്നതുപോലെ, അത്ര ഗതികെട്ട ഒരു പരിപാടിയല്ലെന്നും, പല ലാററിൻ അമേരിക്കൻ രാജ്യങ്ങളിലും ഈ വഴിക്ക് കാര്യമായ ഗുണമുണ്ടായിട്ടുണ്ടെന്നും റിപ്പോർട്ടുകളുണ്ട്. ഒരർത്ഥത്തിൽ ഗവണ്മെൻറുകളുടെയും നഗരസഭകളുടെയും നിസ്സഹായതയുടെ ഫലമായി വികേന്ദ്രീകരണവും ജനങ്ങൾ സഹകരിച്ചു നടത്തുന്ന ഉദ്ധാരണയത്നവും താനേയുണ്ടാകുന്നതിൻെറ ഉദാഹരണമാണിത്. അതോടൊപ്പം, ദൈനംദിന ജീവിതത്തിൽ അമരാവതിയുടെ ചമയങ്ങൾക്കുവേണ്ടിയുള്ള ദുർമോഹത്തിൽനിന്നുള്ള പിൻമാററത്തിൻെറയും.

മനുഷ്യജീവിതത്തിൻെറ ആധുനികവൽക്കരണം, വ്യവസായവൽക്കരണം, സമൂഹവൽക്കരണം എന്നീ പരിഷ്ക്കാര പരിപാടികളുടെ പരിപക്വഫലങ്ങളും നിസ്തുല പ്രതീകങ്ങളുമാണ് വൻനഗരങ്ങൾ. അവ ശാപഗ്രസ്തമായി ആപത്തിൽ വീഴുന്നത് ദുഃസഹമായ ദുരന്തമാണെങ്കിലും മനുഷ്യരാശിയിൽ ഭൂരിപക്ഷവും ഈ കോൺക്രീററ് നരകങ്ങളിലല്ല ജീവിക്കുന്നതെന്ന് സമാധാനിക്കാവുന്നതാണ്. പക്ഷെ നഗരവാസികളല്ലാത്ത, ഭൂരിപക്ഷക്കാരായ, മററു ജനങ്ങളുടെ വാസസ്ഥാന

Digitized by Kerala Sahitya Akademi

ങ്ങളും ക്ഷയിക്കുകയാണെങ്കിൽ ഭുവനജീവിതം ദുരിതപൂർണ്ണമാകും. നിർഭാഗ്യവശാൽ അതിൻെറ ലക്ഷണങ്ങളും കണ്ടുതുടങ്ങിയിരിക്കുകയാണ്. നഗരപരിഷ്ക്കാരം അതിശീഘ്റം ഗ്രാമപ്രദേശങ്ങളിലേയ്ക്കും വ്യാപിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല.

പത്തുക്കെപ്പത്തുക്കെ ലോകത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന ഈ മഹാവിപത്തിൻെറ മൂലകാരണം ഭൂമിക്കു താങ്ങുവാൻ കഴിയാത്ത ജനപ്പെരുപ്പമാണ്. നമ്മുടെ മാതൃഭൂമിയായ ഇന്ത്യയാണ് ഈ ഘോരദുരിതം അതിൻെറ പരമകോടിയിൽ അനുഭവിക്കാൻ പോകുന്നതു്. ഈ ലോകം പ്രളയത്തിൽ നശിക്കുമെന്നു് നമ്മുടെ പുരാണങ്ങൾ പറയുന്നു. അതു സംഭവിക്കുമെന്നു തന്നെ ഭയപ്പെടേണ്ടിയിരിക്കുന്നു. പക്ഷേ പുരാണങ്ങളിൽ പറയുന്ന ജലപ്രളയമല്ല, സാക്ഷാൽ 'ജനപ്രളയം' ആയിരിക്കുമെന്ന വ്യത്യാസമേയുള്ളു. മനുഷ്യസന്തതിയുടെ ഈ കൂട്ടപെരുക്കം—അല്ല, വൻ കൂട്ടപെരുക്കം (Super Exponential Growth—) അടുത്ത കാലത്തെങ്ങും നിലയ്ക്കുന്നതിൻെറ ലക്ഷണം കാണുന്നില്ല. വർദ്ധനനിരക്കു് രണ്ടരശതമാനത്തിൽനിന്നു് രണ്ടു ശതമാനമായി കുറഞ്ഞാൽ ജനപ്പെരുപ്പം മന്ദീഭവിക്കുകയാണെന്നു് സംഖ്യാശാസ്ത്രവിദഗ്ദ്ധന്മാർ പറയും. വാസ്തവത്തിൽ അതിൽനിന്നു കിട്ടുന്നതു് കണക്കിൻെറ ഫലസിദ്ധിയിലുള്ള സംതൃപ്തി മാത്രമാണ്. ആളുകളുടെ ഞെരുക്കം, ജനപ്പെരുപ്പത്തിൻെറ മഹാസങ്കടം, അതുകൊണ്ടൊന്നും കുറയുന്നില്ല. 50 കോടി ജനങ്ങൾ രണ്ടര ശതമാനംവീതം വർദ്ധിച്ചാൽ വർഷം തോറും 125 ലക്ഷം ജനങ്ങളാണ് അധികമായി ഉണ്ടാകുന്നതു്. എന്നാൽ വർദ്ധനനിരക്കു് രണ്ടു ശതമാനമായി കുറയുമ്പോഴേയ്ക്കു് ജനസംഖ്യ 70 കോടി ആയിട്ടുണ്ടാവും. അതിൻെറ രണ്ടു ശതമാനം 140 ലക്ഷമാണ്! അപ്പോൾ നിരക്കു കുറയുന്നെങ്കിലും ഞെരുക്കം കൂടുകയാണ് ചെയ്യുന്നതു്.

ഇന്ത്യയെക്കാൾ കൂടുതൽ ജനങ്ങളുള്ള രാജ്യം ഒന്നേയുള്ളു— ചൈന. അവിടെ എൺപതോ എൺപത്തിയഞ്ചോ കോടി

Digitized by Kerala Sahitya Akademi

ഉണ്ടെന്നാണ് അനുമാനം. കൃത്യമായ കണക്കുകൾ ലഭ്യമല്ല. പക്ഷേ, ചൈനയ്ക്ക് ഇന്ത്യയെക്കാൾ മൂന്നരയിരട്ടി ഭൂവിസ്തൃതിയുണ്ട്. അവിടത്തെ ജനസംഖ്യ ഇന്നത്തേതിന്റെ ഇരട്ടിയായാലും ഇന്ത്യയിലെ അത്ര ഞെരുക്കം—ജനസാന്ദ്രത—അവർ അനുഭവിക്കുകയില്ല. ചൈനയിലെ കുടുംബാസൂത്രണ പരിപാടിയുടെ അന്യാദൃശമായ കാര്യക്ഷമതയോർക്കുമ്പോൾ ഈ നൂററാണ്ടിന്റെ അവസാനത്തിൽ ഇന്ത്യയിലെ ജനസംഖ്യ ചൈനയിലേതിനേക്കാൾ കൂടുതലായിരിക്കുമെന്നും പ്രവചിക്കുന്നവരുണ്ട്.

ഇന്ത്യയിൽ വനതലങ്ങൾ വെട്ടിത്തെളിക്കുന്നതിന്റെയും വയലുകൾ നികത്തിയെടുത്ത് കെട്ടിടം വയ്ക്കുന്നതിന്റെയും, യാത്രക്കാരും വാഹനങ്ങളും വർദ്ധിക്കുന്നതോടൊപ്പം റോഡുകൾ സഞ്ചാരയോഗ്യങ്ങളല്ലാതാകുന്നതിന്റെയും, ചേരികളും ചാളകളും അർബുദംപോലെ വളരുന്നതിന്റെയും രഹസ്യം ഭീതിജനകമായ ഈ ജനപ്പെരുപ്പമാണ്. നഗരപ്രാന്തങ്ങളിൽ വലിയ പ്രതീക്ഷകളോടെ സമാരംഭിക്കുന്ന പുതിയ ജനവാസകേന്ദ്രങ്ങളും എട്ടുപത്തു വർഷത്തിനുള്ളിൽ ചേരികളുടെ രൂപത്തെ പ്രാപിക്കുന്നതായി നിരീക്ഷകന്മാർ പറയുന്നു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം അമേരിക്കയിലും യൂറോപ്പിലും സബർബിയ (Suburbia) എന്ന പേരിൽ നിലവിൽവന്ന, നഗരങ്ങൾക്കു വെളിയിലുള്ള, അധിവാസകേന്ദ്രങ്ങൾ പ്രശാന്തരമണീയങ്ങളായ സാക്ഷാൽ ഗന്ധർവലോകങ്ങളായിരുന്നു. ചെളിയും പൊടിയുമില്ലാതെ, വൃക്ഷങ്ങളും പുല്പരപ്പുകളും ഉദ്യാനങ്ങളും നിറഞ്ഞ്, കുപ്പിച്ചില്ലും കന്തമുനയും തറച്ച മതിലുകളില്ലാതെ, അവയ്ക്കിടയിലൂടെ വളഞ്ഞുപുളഞ്ഞുപോകുന്ന 'ഇടുക്കിടാഞ്ചി' വഴികളില്ലാതെ, ഒററ നോട്ടത്തിൽത്തന്നെ സ്വാതന്ത്ര്യത്തിന്റെയും സ്വച്ഛന്ദജീവിതത്തിന്റെയും പ്രതീതി ജനിപ്പിക്കുന്ന, അതിമനോഹരമായ വാസസ്ഥലങ്ങൾ! കൊച്ചുകുട്ടികൾ ആപൽഭീതിയില്ലാതെ അവിടെ സൈക്കിളോടിക്കുന്നതും പന്തുരുട്ടുന്നതും ഓടിക്കളിക്കുന്നതും ഒരിക്കലെങ്കിലും കണ്ടിട്ടുള്ളവർ

Digitized by Kerala Sahitya Akademi

രോമാഞ്ചത്തോടുകൂടി മാത്രമേ ആ അനുഭവം അനുസ്മരിക്കുകയുള്ളു. മനുഷ്യജീവിതത്തിന് ഏററവും ഹിതകരമായ ചുററുപാടുകളാണ് അവയെന്ന് ആരും സമ്മതിക്കും. പക്ഷേ, ജനപ്പെരുപ്പമില്ലാത്ത പാശ്ചാത്യരാജ്യങ്ങളിലും ശാന്തസുന്ദരങ്ങളായ ഇത്തരം വാസസ്ഥലങ്ങൾ ഇല്ലാതാവുകയാണ്. വിദ്യാഭ്യാസമോ സംസ്ക്കാരമോ ഇല്ലാത്ത പുതുധനികന്മാരുടെ ഇരച്ചുകയററവും, നഗരപരിഷ്ക്കാരത്തിന്റെ ആരുമാരും അറിയാതെയുള്ള നുഴഞ്ഞുകയററവും, ഓരോ കുടുംബത്തിലും രണ്ടും മൂന്നും കാറുകളും ആവശ്യമുള്ളതും ഇല്ലാത്തതുമായ പലതരം സാമഗ്രികളും വന്നതുമൂലമുള്ള ബഹളവും, അന്തരീക്ഷമാലിന്യവും ശുദ്ധജലദുർഭിക്ഷവും, ഊർജ്ജപ്രതിസന്ധിയും, വിലക്കയററവും, പണപ്പെരുപ്പവും, എല്ലാംകൂടി ഒരു തലമുറക്കാലത്തിനുള്ളിൽത്തന്നെ സബർബിയയുടെ സുസ്ഥിതിയെ ഹനിച്ചിരിക്കുന്നു. ''ഇതിനാണോ കാലത്തും വൈകുന്നേരവും ഇരുപതും മുപ്പതും മൈൽ കാറോടിച്ച് ജോലിക്കുപോയി വരേണ്ട പ്രയാസം വലിച്ചുവച്ചത്?'' എന്ന് അവിടത്തെ താമസക്കാർ ചോദിച്ചുതുടങ്ങിയിരിക്കുന്നു. അതിനും പുറമെ പെട്രോളിന്റെ വിലവർദ്ധനവും കൂടിയായപ്പോൾ സബർബിയക്കാരുടെ മഹാസങ്കടം പരമകാഷ്ഠയിലെത്തി.

ഇന്ത്യയിൽ സബർബിയ എന്ന സങ്കല്പംപോലും ഉണ്ടായില്ല. ഇനി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുവാനും സാദ്ധ്യമല്ല. നഗരങ്ങളെ അവയുടെ എല്ലാ പ്രയാസങ്ങളോടും ബഹളങ്ങളോടും വൃത്തികേടുകളോടുംകൂടി നാലുപാടും വികസിപ്പിക്കുക എന്ന പരിപാടിയാണ് നടന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ ഈ കൊച്ചുകേരളത്തിന്റെ ഉദാഹരണം തന്നെ നോക്കുക. അത് ഇപ്പോൾ തന്നെ 15,000 ചതുരശ്രമൈൽ വിസ്താരമുള്ള ഒരു തിരക്കേറിയ പട്ടണമായിത്തീർന്നിരിക്കുകയാണ്. ഈ പരിവർത്തനം ഇന്ത്യയിൽ മുഴുവനും വരും. എണ്ണത്തിൽ 60 കോടിയും കവിഞ്ഞിരിക്കുന്ന ജനങ്ങൾക്ക് എല്ലാവർക്കും

Digitized by Kerala Sahitya Akademi

പാർപ്പിടങ്ങൾ ഉണ്ടാക്കുന്നതിനുള്ള ധനശേഷിയും വിഭവങ്ങളും ഇല്ലാത്തതുകൊണ്ടു്, ''ചേരിചേരാരാജ്യ''മെന്നു വിളിക്കുന്നെങ്കിലും, ചേരികൾ (Slums) നിറഞ്ഞ രാജ്യമായിട്ടല്ലെ ഇന്ത്യ രൂപാന്തരപ്പെടുവാൻ പോകുന്നതെന്നു് ഭയം തോന്നുന്നു. പാർപ്പിടങ്ങളുടെ ഭയാനകമായ ഈ പ്രശ്നത്തിനു് എങ്ങനെ പരിഹാരം കാണാമെന്നു് എല്ലാവരും തലപുകഞ്ഞു് ആലോചിക്കേണ്ട സമയം സമാഗതമായിരിക്കുകയാണു്. ഭക്ഷ്യസാധനങ്ങളും വസ്ത്രവും വേണ്ടിവന്നാൽ ശുദ്ധജലംപോലും ഇറക്കുമതിചെയ്യാം. പക്ഷേ പാർപ്പിടങ്ങൾക്കു് എന്തുചെയ്യും?

27–1–1977.

Digitized by Kerala Sahitya Akademi